## പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 6335** **08.11.2016 ൽ മറുപടിയ്ക്ക്**

## സെക്രട്ടേറിയറ്റിൽ 'ഇ-ഓഫീസ്' സംവിധാനം

| | ചോദ്യം<br>ശ്രീ.സി.മമ്മൂട്ടി | | മറുപടി<br>ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി ) |
|---|---|---|---|
| (എ) | സെക്രട്ടേറിയറ്റിലെ ഫയലുകളും പരാതികളും അയക്കുന്നതിനും, സ്വീകരിക്കുന്നതിനും 'ഇ-ഓഫീസ്' സംവിധാനം മാത്രമാണോ ഇപ്പോൾ ഉപയോഗിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (എ) | ഇ- ഓഫീസിനു പുറമെ നിയമ വകുപ്പിൽ ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ലിംസ്) വഴിയും ആഭ്യന്തരം, വിജിലൻസ് വകുപ്പുകളിൽ ഐഡിയാസ് വഴിയും തപാലുകൾ സ്വീകരിക്കുകയും വിതരണം ചെയ്യുകയും ചെയ്യുന്നു. അതോടൊപ്പം മുഖ്യമന്ത്രിയ്ക്ക് സമർപ്പിക്കുന്ന പരാതി സ്വീകരിക്കുന്നതിന് സ്റ്റെയിറ്റ് ഫോർവേർഡ് എന്ന പരാതി പരിഹാര കേന്ദ്രവും പ്രവർത്തിയ്ക്കുന്നുണ്ട് |
| (ബി) | മന്ത്രിമാരുടെ ഓഫീസുകൾ അടക്കമുള്ള സെക്രട്ടേറിയറ്റിലെ ഓഫീസുകളിൽ ഉദ്യോഗസ്ഥർ ഫയലുകളുടെയും പരാതികളുടെയും ചലനങ്ങൾ യഥാസമയം ഇ-ഓഫീസ്, ഐഡിയാസ് തുടങ്ങിയവയിൽ രേഖപ്പെടുത്താത്തതുമൂലം പൊതുജനങ്ങൾക്കും സാമാജികർക്കും ഉണ്ടാവുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി ) യും (സി) യും | ഇല്ല. ഇ-ഓഫീസ് ഉപയോഗിക്കുന്നതുവഴി എല്ലാ ഫയലുകളുടെയും ചലനം സിറ്റിസൺ ഇന്റർഫേസ് പോർട്ടൽ (http://eoffice.kerala.gov.in) വഴി അറിയാൻ സാധിക്കും. ഫിസിക്കലായി കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ചരണ പഥവും രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഇ-ഓഫീസിൽ നിലവിലുണ്ട്. ഈ സംവിധാനത്തിലൂടെ ഫയലുകളുടെ ചരണപഥം രേഖപ്പെടുത്തണമെന്ന് എല്ലാ വകുപ്പുകൾക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഈ പ്രയാസം ഇല്ലാതാക്കുന്നതിന് നടപടി സ്വീകരിക്കുമോ; | | |

| | | | |
|---|---|---|---|
| (ഡി) | നിയമ വകുപ്പിലെ ഫയലുകൾ ട്രാക്ക് ചെയ്യുന്നതിനുള്ള സംവിധാനം നിയമസഭാ സാമാജികർക്ക് ലഭ്യമാക്കുമോ; | | നിലവിൽ ലാ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (ലിംസ്) വഴി കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ചരണപഥം ഇലക്ട്രോണിക് രീതിയിൽ അറിയുവാനുള്ള സംവിധാനം ഇല്ല. എന്നാൽ നിയമസഭാ സാമാജികർ ആവശ്യപ്പെടുന്ന മുറയ്ക്ക് ലിംസിൽ യൂസർ ഐ ഡി യും പാസ് വേർഡും നൽകുന്നതിനുള്ള സംവിധാനം നിയമ (നോഡൽ) വകുപ്പിൽ നിലവിലുണ്ട്. |
| (ഇ) | നിയമസഭാ സാമാജികർക്ക് ഇ-ഓഫീസ് ഐഡി ലഭ്യമാക്കുമോ; വിശദമാക്കുമോ? | (ഇ) | നിയമസഭാംഗങ്ങൾക്ക് നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട ഇ-ഓഫീസിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ വിവരങ്ങൾ ഇ-ഓഫീസ് സിറ്റിസൺ ഇന്റർഫേസ് മുഖേന ഐ.ഡിയോ, പാസ് വേഡോ ഇല്ലാതെ തന്നെ ഇന്റർനെറ്റിലൂടെ അറിയുവാൻ സാധിക്കും.(http:\\eoffice.kerala.gov.in). |

Anoop.M.R

സെക്ഷൻ ഓഫീസർ